(ബി) അവയ്ക്ക് ഇപ്പോൾ മെയിന്റനൻസ് ഗ്രാന്റ് നൽകുന്നുണ്ടോ ;

(സി) എങ്കിൽ അതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്തെന്ന് പറയുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് കെ.ഇ.ആർ. വ്യവസ്ഥകൾക്ക് വിധേയമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതോടൊപ്പം പ്രതിവർഷം സ്കൂളുകൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകി വരുന്നുണ്ട്. അതുപോലെ ഡയറക്ട് പേമെന്റ് സ്കീം അനുസരിച്ച് സ്വകാര്യ എയിഡഡ് കോളേജുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതോടൊപ്പം കോളേജുകൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകി വരുന്നുണ്ട്.

(ബി) എയ്ഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും മെയിന്റനൻസ് ഗ്രാന്റ് നൽകുന്നുണ്ട്.

(സി) ഹൈസ്കൂൾ തലത്തിൽ കുട്ടിക്കൊന്നിന് അഞ്ച് രൂപ നിരക്കിലും എൽ.പി./യു.പി. തലത്തിൽ കുട്ടിക്കൊന്നിന് മൂന്ന് രൂപ ഇരുപത്തി അഞ്ച് പൈസ നിരക്കിലും ടി.ടി.ഐ. യിൽ കുട്ടിക്കൊന്നിന് ഏഴ് രൂപ അൻപത് പൈസ നിരക്കിലുമാണ് പ്രതിവർഷം മെയിന്റനൻസ് ഗ്രാന്റ് നൽകുന്നത്. ഇഫക്ടീവ് സ്ട്രെംഗ്ത് അനുസരിച്ചുള്ള കുട്ടികളുടെ എണ്ണത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് കണക്കാക്കുന്നത്. വാർഷിക അറ്റകുറ്റപ്പണികൾ നടത്തിയെന്ന് സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ ഇത് നൽകുകയുള്ളൂ. അതുപോലെ ഓരോ വർഷത്തിലും കോളേജ് കെട്ടിടങ്ങൾ റിപ്പയർ ചെയ്ത വകയിൽ ചെലവായ തുക പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ബോദ്ധ്യം വന്നതിനുശേഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും അർഹമായ തുക മെയിന്റനൻസ് ഗ്രാന്റായി അനുവദിക്കുന്നു. കോളേജുകളിലെ മെയിന്റനൻസ് ഗ്രാന്റിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഗൾഫ് രാജ്യങ്ങളിൽ നോർക്കയുടെ ആഭിമുഖ്യത്തിൽ നിയമജ്ഞരെ നിയമിക്കാൻ നടപടി

9 (*276) ശ്രീ. എൻ. ശക്തൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ തടവുകാരായ എത്ര മലയാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ മോചനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഗൾഫ് രാജ്യങ്ങളിലെ എംബസ്സികളിൽ ഓരോ ലീഗൽ അറ്റാഷെമാരെ നിയമിക്കണമെന്നും അവിടങ്ങളിലെ മലയാളികൾ നേരിടുന്ന കേസുകൾക്ക് ആവശ്യമായ നിയമപരിരക്ഷ നൽകണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) കേന്ദ്രത്തിൽ നിന്നും ഇക്കാര്യങ്ങൾ ചെയ്യുന്നതുവരെ നോർക്കയുടെ ആഭിമുഖ്യത്തിൽ ഗൾഫ് രാജ്യങ്ങളിൽ ഓരോ നിയമജ്ഞരെ നിയമിക്കുകയും അവിടങ്ങളിൽ മലയാളികൾ നേരിടുന്ന നിയമപ്രശ്നങ്ങളിൽ അവരെ സഹായിക്കുകയും ചെയ്യാൻ നടപടിയെടുക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ) ഇത് സംബന്ധിച്ച് വിവിധ ഇന്ത്യൻ എംബസികളിൽ നിന്നും ലഭിച്ച വിവരം താഴെ ചേർക്കുന്നു.

ഒമാൻ	-	17
ഖത്തർ	-	26
സൗദിഅറേബ്യ	-	349 (ഇന്ത്യാക്കാർ)

മറ്റു രാജ്യങ്ങളിലെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ബി) നാട്ടിലുള്ള ബന്ധുക്കളിൽ നിന്നോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ ജയിലിലായവരുടെ വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ മുഖേന അവരുടെ മോചനത്തിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ അറിവോ സമ്മതമോ കൂടാതെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ ബുദ്ധിമുട്ടാണ്.

ഉച്ചക്കഞ്ഞി വിതരണവും സ്ലേറ്റും പെൻസിലും നൽകുന്ന പദ്ധതിയും തുടരുവാൻ നടപടി

10(*277) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സാജു പോൾ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം ഈ വർഷവും തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly